**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4247** **28-10-2021 - ൽ മറുപടിയ്ക്ക്**

**മിനറൽ വാട്ടർ വിൽപ്പന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുമേഖലയിൽ മിനറൽ വാട്ടർ ബോട്ടിലുകളിലാക്കി വിൽക്കുന്ന എത്ര കമ്പനികൾ പ്രവർത്തിക്കുന്നുവെന്ന് വിശദമാക്കാമോ; | (എ) | പൊതുമേഖലാ സ്ഥാപനമായ കേരള ഇറിഗേഷൻ ഇൻഫ്രസ്ട്രക്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ (KIIDC)- യുടെ കീഴിൽ ഹില്ലി അക്വാ എന്ന ബ്രാൻഡ് നാമത്തിൽ തൊടുപുഴ, അരുവിക്കര എന്നിവിടങ്ങളിലായി രണ്ട് കുപ്പിവെള്ള നിർമ്മാണ പ്ലാന്റുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഈ മേഖലയിൽ പ്രവർത്തിക്കുന്ന സ്വകാര്യ കമ്പനികൾ എത്രയെണ്ണം ഉണ്ടെന്നതിന്റെ കണക്കുകൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (ബി) | തിരുവനന്തപുരം 16 കൊല്ലം 09 പത്തനംതിട്ട 17 ആലപ്പുഴ 06 കോട്ടയം 07 ഇടുക്കി 05 എറണാകുളം 45 തൃശ്ശൂർ 10 പാലക്കാട് 21 മലപ്പുറം 09 കോഴിക്കോട് 10 വയനാട് 0 കണ്ണൂർ 08 കാസർഗോഡ് 05 ആകെ 168 |
| (സി) | ഇവയുടെ പ്രതിവർഷ വിറ്റുവരവ് കണക്കുകൾ ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഇവയുടെ പ്രതിവർഷ വിറ്റുവരവ് കണക്ക് വ്യവസായ വകുപ്പ് മുഖേന ശേഖരിച്ചു വരുന്നില്ല. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ KIIDC കീഴിലുള്ള തൊടുപുഴ പ്ലാന്റിന്റെ 2016-17 സാമ്പത്തിക വർഷം മുതലുള്ള പ്രതിവർഷ വിറ്റുവരവ് കണക്ക് ചുവടെ ചേർക്കുന്നു : 2016-17 - 2.60 കോടി 2017-18 - 4.42 കോടി 2018-19 - 5.36 കോടി 2019-20 - 2.74 കോടി 2020-21 - 3.11 കോടി അരുവിക്കര പ്ലാന്റിന്റെ 2020-21 വർഷത്തെ പ്രതിവർഷ വിറ്റുവരവ് 0.87 ലക്ഷവുമാണ്. ടി പ്ലാന്റ് 2020-21 സാമ്പത്തിക വർഷത്തിലാണ് പ്രവർത്തനമാരംഭിച്ചത്. |
| (ഡി) | സ്വകാര്യ കമ്പനികൾ വിപണനം ചെയ്യുന്ന കുടിവെള്ള ബോട്ടിലുകളുടെയും കുടിവെള്ളത്തിന്റെയും ഗുണപരിശോധന നടത്താറുണ്ടോ; വ്യവസായ വകുപ്പിന് ഇക്കാര്യത്തിൽ സ്വീകരിക്കാൻ കഴിയുന്ന നടപടികൾ വിശദമാക്കുമോ; | (ഡി) | സ്വകാര്യ കമ്പനികൾ വിപണനം ചെയ്യുന്ന കുടിവെള്ള ബോട്ടിലുകളുടെയും കുടിവെള്ളത്തിന്റെയും ഗുണ പരിശോധന വ്യവസായ വാണിജ്യ വകുപ്പ് തലത്തിൽ നടത്താറില്ല. ടി സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വേണ്ട പ്രോത്സാഹനങ്ങൾ നൽകുകയും അർഹമായ സാമ്പത്തിക സഹായം നൽകുകയുമാണ് വ്യവസായ വകുപ്പ് ചെയ്യുന്നത്. ഗുണ നിലവാരം ഉറപ്പ് വരുത്തുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാർ |

| | | | |
|---|---|---|---|
| | | | തലത്തിൽ വിവിധ ഏജൻസികൾ പ്രവർത്തിച്ചു വരുന്നു. |
| (ഇ) | പൊതു മേഖലയിൽ ഇത്തരം കമ്പനികൾ ആരംഭിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ? | (ഇ) | പൊതുമേഖലയിൽ നിലവിൽ 2 കുപ്പിവെള്ള നിർമ്മാണ പ്ലാന്റുകളാണ് ഉള്ളത്. ഇതിനു പുറമേ താഴെ സൂചിപ്പിച്ചിട്ടുള്ള സ്ഥലങ്ങളിൽ കുപ്പിവെള്ള നിർമ്മാണ പ്ലാന്റുകൾ തുടങ്ങുന്നതിന് ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ പദ്ധതിയുണ്ട്. 1.ആലുവയ്ക്ക് സമീപം 20 ലിറ്റർ ജാർ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്ലാന്റ്. 2.പെരുമ്പാവൂരിന് സമീപം വട്ടാലിൽ ഒരു കുപ്പിവെള്ള നിർമ്മാണ പ്ലാന്റ് 3.കുറ്റിയാടിക്ക് സമീപം ഒരു കുപ്പിവെള്ള നിർമ്മാണ പ്ലാന്റ് |

സെക്ഷൻ ഓഫീസർ